ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 6.30 PM** **DATE: 03.12.2024**

## പ്രധാനവാർത്തകൾ

1) കേന്ദ്രസർക്കാർ നടപ്പാക്കിയ പുതിയ ക്രിമിനൽ നിയമങ്ങൾ കൊളോണിയൽ സമ്പ്രദായത്തിൽ നിന്ന് രാജ്യത്തെ മോചിപ്പിച്ചതായി പ്രധാനമന്ത്രി നരേന്ദ്രമോദി.

2) ഇന്ത്യ-ചൈന ബന്ധത്തിൻറെ നിലവിലെ സ്ഥിതിയെക്കുറിച്ച് വിദേശകാര്യമന്ത്രി എസ്.ജയശങ്കർ ലോക്സഭയിൽ പ്രസ്താവന നടത്തി.

3) നിയമസഭാ ഉപതിരഞ്ഞെടുപ്പിൽ വിജയം നേടിയ യു.ആർ. പ്രദീപിൻറെയും, രാഹുൽ മാങ്കൂട്ടത്തിലിൻറെയും സത്യപ്രതിജ്ഞ നാളെ.

4) തിരുവനന്തപുരം ശിശുക്ഷേമ സമിതിയിൽ രണ്ടര വയസ്സുകാരിയെ മുറിവേൽപ്പിച്ച സംഭവത്തിൽ മൂന്ന് ആയമാർ അറസ്റ്റിൽ.

5) ആലപ്പുഴ വാഹനാപകടത്തിൽ ജീവൻ പൊലിഞ്ഞ വിദ്യാർത്ഥികൾക്ക് നാടിൻറെ അന്ത്യാഞ്ജലി. മൂന്ന് പേരുടെ നില ഗുരുതരമായി തുടരുന്നു.

6) സംസ്ഥാനത്ത് ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. കണ്ണൂർ കാസർഗോഡ് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത.

&&&&&&&&&&&&&&&&

RNU TVPM

&&&&&&&&&&&&&&&&

## ഹെഡ് ലൈൻ - 1

### പ്രധാനമന്ത്രി ചണ്ഡീഗഢ്

ഭരണഘടനാ മൂല്യങ്ങൾ പൗരന്മാർക്ക് ഉറപ്പുവരുത്തുന്നതിലെ നിർണായക ചുവടുവെയ്പ്പാണ് രാജ്യത്ത് നടപ്പാക്കിയ പുതിയ ക്രിമിനൽ നിയമങ്ങളെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. പുതിയ ക്രിമിനൽ നിയമങ്ങളുടെ വിജയകരമായ നിർവ്വഹണം സംബന്ധിച്ച് ചണ്ഡിഗഢിൽ നടന്ന പരിപാടിയെ അഭിസംബോധന ചെയ്യുകയായിരുന്നു

പ്രധാനമന്ത്രി. കൊളോണിയൽ സമ്പ്രദായത്തിൽ നിന്ന് പുതിയ ക്രിമിനൽ നിയമങ്ങൾ രാജ്യത്തെ മോചിപ്പിക്കുന്നതായും അദ്ദേഹം പറഞ്ഞു.
(ഹോൾഡ്)

ലോകത്ത് ഏറ്റവും ആധുനികമായ ക്രിമിനൽ നീതിന്യായ സംവിധാനമാണ് രാജ്യത്ത് നടപ്പാക്കിയതെന്ന് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ ചടങ്ങിൽ പറഞ്ഞു. ഈ വർഷം ജൂലൈ 1-നാണ് മൂന്ന് പുതിയ ക്രിമിനൽ നിയമങ്ങൾ രാജ്യത്ത് നടപ്പാക്കിയത്.

RNU TVPM

&&&&&&&&&&&&&&&&

## ഹെഡ് ലൈൻ - 2

### ജയശങ്കർ

ഇന്ത്യ-ചൈന ബന്ധം മെച്ചപ്പെടുത്തുന്നതിന്, അതിർത്തി മേഖലയിലെ സമാധാനം വളരെ പ്രധാനമാണെന്ന് വിദേശകാര്യമന്ത്രി എസ്. ജയശങ്കർ. ഇന്ത്യ-ചൈന ബന്ധത്തിൻറെ നിലവിലെ സ്ഥിതിയെക്കുറിച്ച്

ലോക്സഭയിൽ പ്രസ്താവന നടത്തുകയായിരുന്നു അദ്ദേഹം. ചൈനീസ് നീക്കങ്ങളെ തുടർന്ന് 2020 മുതൽ ഇരു

രാജ്യങ്ങളുടെയും അതിർത്തി മേഖലകളിൽ അസാധാരണ സ്ഥിതിവിശേഷം നിലനിന്നിരുന്നു. ചൈനയുടെ വൻതോതിലുള്ള സൈനിക വിന്യാസത്തെ ഇന്ത്യൻ സേന ഫലപ്രദമായി പ്രതിരോധിച്ചതായും അദ്ദേഹം പറഞ്ഞു. ഘട്ടംഘട്ടമായുള്ള നടപടികളിലൂടെ കിഴക്കൻ ലഡാക്കിൽ സൈനിക പിൻമാറ്റം സാധ്യമായതായും ശ്രീ ജയശങ്കർ വ്യക്തമാക്കി.

&&&&&&&&&&&&&&&&

## ഭിന്നശേഷി ദിനം + സുഗമ്യ അഭിയാൻ

ദിവ്യാംഗരുടെ ശാക്തീകരണത്തിനായി ഏർപ്പെടുത്തിയ ദേശീയ പുരസ്ക്കാരങ്ങൾ   രാഷ്ട്രപതി ദ്രൗപദി മുർമു
ഇന്ന് ന്യൂഡൽഹിയിൽ വിതരണം ചെയ്തു. ലോക ഭിന്നശേഷി ദിനത്തോടനുബന്ധിച്ച് നടന്ന പരിപാടിയിൽ 33 വ്യക്തികളും സ്ഥാപനങ്ങളുമാണ് പുരസ്ക്കാരം ഏറ്റുവാങ്ങിയത്. കേരളത്തിലും ലക്ഷദ്വീപിലും വിപുലമായ പരിപാടികൾ ദിനാചരണത്തിൻറെ ഭാഗമായി നടന്നു. സാമൂഹ്യ നീതി വകുപ്പ് സംഘടിപ്പിച്ച സംസ്ഥാനതല പരിപാടിയുടെ ഉദ്ഘാടനവും അവാർഡ് ദാനവും മന്ത്രി ആർ ബിന്ദു  നിർവഹിച്ചു. ഭിന്നശേഷിക്കാർക്കായി  പ്രത്യേക കലാ കായിക മത്സരങ്ങൾ മിനിക്കോയ് ദ്വീപിൽ സംഘടിപ്പിച്ചു.

RNU TVPM

&&&&&&&&&&&&&&&&

## പ്രധാനമന്ത്രി- സുഗമ്യ

ദിവ്യാംഗർക്ക് അവസരങ്ങളും തുല്യതയും ഉറപ്പുവരുത്താൻ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഭിന്നശേഷിക്കാർക്ക് അടിസ്ഥാനസൗകര്യങ്ങൾ ഉറപ്പുവരുത്തുന്നതിനുള്ള പദ്ധതിയായ സുഗമ്യ അഭിയാൻറെ 9 ആം വാർഷികത്തോടനുബന്ധിച്ച് സമൂഹ മാധ്യമത്തിലൂടെ ആശംസകൾ നേരുകയായിരുന്നു പ്രധാനമന്ത്രി. പാരാലിമ്പിക്സിലെ

ഇന്ത്യയുടെ നേട്ടം രാജ്യത്തെ ജനങ്ങൾക്കൊന്നാകെ അഭിമാനം പകർന്നതായും അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&

ഹെഡ് ലൈൻ - 3

## സത്യപ്രതിജ്ഞ നാളെ

സംസ്ഥാനത്ത് നിയമസഭാ ഉപതിരഞ്ഞെടുപ്പിൽ ചേലക്കര മണ്ഡലത്തിൽ നിന്നും വിജയിച്ച യു.ആർ. പ്രദീപ്, പാലക്കാട് നിന്നും വിജയിച്ച രാഹുൽ മാങ്കൂട്ടത്തിൽ എന്നിവരുടെ സത്യപ്രതിജ്ഞ നാളെ. ഉച്ചയ്ക്ക് 12 മണിക്ക് നിയമസഭാ മന്ദിരത്തിലെ ആർ. ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിലാണ് ചടങ്ങ്.

&&&&&&&&&&&&&&&&

ഹെഡ് ലൈൻ - 4

## ശിശുക്ഷേമ സമിതി

തിരുവനന്തപുരത്ത് ശിശുക്ഷേമ സമിതിയിൽ രണ്ടര വയസ്സുകാരിയുടെ ജനനേന്ദ്രിയത്തിൽ മുറിവേൽപ്പിച്ച സംഭവത്തിൽ മൂന്ന് ആയമാരെ പോലീസ് അറസ്റ്റ് ചെയ്തു. ഇവർക്കെതിരെ പോക്സോ നിയമപ്രകാരമാണ് കേസെടുത്തിരിക്കുന്നത്. ശിശുക്ഷേമ സമിതി ജനറൽ സെക്രട്ടറി നൽകിയ പരാതിയിലാണ് ആയമാരായ അജിത, മഹേശ്വരി, സിന്ധു എന്നിവരെ അറസ്റ്റ് ചെയ്തത്. കിടക്കയിൽ മൂത്രമൊഴിച്ചതിനാണ് കുട്ടിയെ ഇവർ ഉപദ്രവിച്ചത്. കുഞ്ഞിൻ്റെ ആരോഗ്യനില തൃപ്തികരമാണ്. സംഭവം ശ്രദ്ധയിൽ പെട്ട ഉടൻ നടപടി സ്വീകരിച്ചതായി ശിശുക്ഷേമ സമിതി ജനറൽ സെക്രട്ടറി അരുൺ ഗോപി അറിയിച്ചു.

RIUTVPM

&&&&&&&&&&&&&&&&

## ഹെഡ് ലൈൻ - 5

### ആലപ്പുഴ - സംസ്കാരം

ആലപ്പുഴ ദേശീയപാതയിലെ അപകടത്തിൽ ജീവൻ പൊലിഞ്ഞ വിദ്യാർത്ഥികൾക്ക് നാടിൻറെ അന്ത്യാഞ്ജലി. വിദ്യാർത്ഥികളുടെ മൃതദേഹങ്ങൾ ആലപ്പുഴ മെഡിക്കൽ കോളേജിൽ നടന്ന പൊതുദർശനത്തിന് ശേഷം ബന്ധുക്കൾക്ക്

കൈമാറി. ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ, മന്ത്രിമാരായ വീണാ ജോർജ്, സജി ചെറിയാൻ ഉൾപ്പെടെയുള്ളവർ അന്തിമോപചാരം അർപ്പിക്കാൻ എത്തിയിരുന്നു. ലക്ഷദ്വീപ്

സ്വദേശിയായ വിദ്യാർത്ഥി മുഹമ്മദ് ഇബ്രാഹിമിൻറെ സംസ്കാരം എറണാകുളം ടൗൺ ജുമാ മസ്ജിദിൽ നടന്നു.

ശ്രീദീപിൻറെ മൃതദേഹം പാലക്കാട് ചന്ദ്രനഗർ ശ്മശാനത്തിൽ സംസ്കരിച്ചു. മുഹമ്മദ് അബ്ദുൽ ജബ്ബാറിൻറെ സംസ്കാരം ഇന്ന് രാത്രി കണ്ണൂർ വെങ്ങരയിലും ദേവാനന്ദൻറെ സംസ്കാരം നാളെ കോട്ടയം പാലായിലെ കുടുംബവീട്ടിലും ആയുഷ് ഷാജിയുടെ

സംസ്കാരം കാവാലത്തും നടക്കും.

RNU TVPM

&&&&&&&&&&&&&&&&

### ആലപ്പുഴ അപകടം

ആലപ്പുഴ അപകടത്തിൽ പരിക്കേറ്റ് ചികിത്സയിൽ കഴിയുന്ന 6 മെഡിക്കൽ വിദ്യാർത്ഥികളിൽ ഒരാളുടെ നില അതീവ

ഗുരുതരമായി തുടരുന്നു. മൂന്ന് പേരുടെ നില ഗുരുതരമാണ്.

അഞ്ച് വിദ്യാർത്ഥികളാണ് ഐ സി യു വിൽ

കഴിയുന്നത്. ആരോഗ്യമന്ത്രി വീണാ ജോർജ്ജിന്റെ അധ്യക്ഷതയിൽ ചേർന്ന മെഡിക്കൽ ബോർഡ് യോഗം

പരിക്കേറ്റവരുടെ ആരോഗ്യ സ്ഥിതി വിലയിരുത്തി.

&&&&&&&&&&&&&&&&

## ഡോളി സർവീസ് സമരം

ശബരിമലയിൽ ഡോളി സർവീസിനു പ്രീപെയ്ഡ് സംവിധാനം ഒരുക്കാനുള്ള തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ തീരുമാനത്തിൽ പ്രതിഷേധിച്ച് ഡോളി സർവീസ് തൊഴിലാളികൾ നടത്തിയ മിന്നൽ പണിമുടക്ക് പിൻവലിച്ചു. മണിക്കൂറുകൾ നീണ്ടു നിന്ന സമരം തീർത്ഥാടകരെ സാരമായി ബാധിച്ചിരുന്നു. ശബരിമല എ.ഡി.എമ്മിൻ്റെ നേതൃത്വത്തിൽ നടന്ന ചർച്ചക്ക് ശേഷം ആവശ്യങ്ങൾ പരിഗണിക്കാമെന്ന ദേവസ്വം ബോർഡിന്റെ ഉറപ്പിലാണ് സമരം പിൻവലിച്ചത്. തീർത്ഥാടകരിൽ നിന്ന് അനധികൃതമായി പണം വാങ്ങുന്നു എന്ന പരാതിയുടെ അടിസ്ഥാനത്തിലാണ് പ്രീപെയ്ഡ് ഡോളി സർവീസ് തുടങ്ങാൻ ദേവസ്വം ബോർഡ് തീരുമാനിച്ചത്.

&&&&&&&&&&&&&&&&

## കണ്ണൂർ എ.ഡി.എം - ഹർജി

എ.ഡി.എം നവീൻ ബാബുവിന്റെ മരണവുമായി ബന്ധപ്പെട്ട കേസിലെ തെളിവുകൾ സംരക്ഷിക്കണമെന്നാവശ്യപ്പെട്ട് ഭാര്യ നൽകിയ ഹർജിയിൽ നോട്ടീസ് അയക്കാൻ കോടതി ഉത്തരവിട്ടു. കളക്ടറുടെയും പെട്രോൾ പമ്പിന് അപേക്ഷ നൽകിയ ടി.വി. പ്രശാന്തന്റെയും ഭാഗം കേൾക്കാനായി നോട്ടീസ് അയക്കാനാണ് കണ്ണൂർ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി നിർദ്ദേശിച്ചത്. കേസ് ഈ മാസം 10ന് പരിഗണിക്കും.

&&&&&&&&&&&&&&&&

## കണ്ണൂർ പേര്യ ചുരം റോഡ് (ഇൻട്രോ)

കണ്ണൂർ- വയനാട് ജില്ലകളെ ബന്ധിപ്പിക്കുന്ന നെടുംപൊയിൽ- മാനന്തവാടി പാതയിലെ പേര്യ ചുരം റോഡ് ഈ മാസം പകുതിയോടെ ഗതാഗതത്തിന് തുറന്ന് കൊടുക്കും.

RNU TVPM

കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ.

(വോയിസ്)

&&&&&&&&&&&&&&&&

## കെ എസ് ആർ ടി സി - പിഴ

കെ എസ് ആർ ടി സി ബസിൽ ടിക്കറ്റ് ബുക്ക് ചെയ്ത യാത്രക്കാരനെ ഷെഡ്യൂൾ ക്യാൻസൽ ചെയ്ത വിവരം അറിയിക്കാത്തതിന് 20,000 രൂപ നഷ്ടപരിഹാരം നൽകാൻ മലപ്പുറം ജില്ലാ ഉപഭോക്തൃ കമ്മീഷന്റെ ഉത്തരവ്. വെളിമുക്ക് പാലയ്ക്കൽ സ്വദേശി നൽകിയ പരാതിയിലാണ് നടപടി. ഗുരുതരമായ കാഴ്ചാപരിമിതിയുള്ളയാൾ കൂടിയായതിനാൽ പരാതികാരൻ ഉപഭോക്തൃ കമ്മീഷനെ സമീപിക്കുകയായിരുന്നു.

RNU TVPM

&&&&&&&&&&&&&&&&

## സി ബി സി

കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയത്തിന് കീഴിലുള്ള സെൻട്രൽ ബ്യൂറോ ഓഫ് കമ്മ്യൂണിക്കേഷൻ സംഘടിപ്പിക്കുന്ന അവബോധ പരിപാടി തിരുവനന്തപുരം നെയ്യാറ്റിൻകരയിൽ ആരംഭിച്ചു. നെയ്യാറ്റിൻകര എംഎൽഎ കെ. ആൻസലൻ ഉദ്ഘാടനം നിർവഹിച്ചു. സിബിസി കേരള ലക്ഷദ്വീപ് ADG വി പളനിചാമി മുഖ്യ പ്രഭാഷണം നടത്തി. മൂന്ന് ദിവസത്തെ പരിപാടിയുടെ ഭാഗമായി വിവിധ പ്രദർശനങ്ങൾ, ക്ലാസുകൾ, മെഡിക്കൽ ക്യാമ്പ് തുടങ്ങിയവ സംഘടിപ്പിക്കുന്നുണ്ട്.

&&&&&&&&&&&&&&&&

## നെടുമ്പാശ്ശേരി - പക്ഷി കടത്ത്

നെടുമ്പാശ്ശേരി വിമാനത്താവളം വഴി അനധികൃതമായി കടത്താൻ ശ്രമിച്ച അപൂർവയിനം പക്ഷികളെ തായ്ലൻറിലേക്ക് തിരിച്ചയച്ചു. പക്ഷികളെ കടത്താൻ ശ്രമിച്ച കേസിൽ രണ്ട് തിരുവനന്തപുരം സ്വദേശികളെ ഈ മാസം17 - വരെ റിമാൻറ് ചെയ്തു. കഴിഞ്ഞ ദിവസമാണ് കൊച്ചി എയർ കസ്റ്റംസ് ഇവരെ പിടികൂടിയത്.

&&&&&&&&&&&&&&&&

## കെ.സുരേന്ദ്രൻ - മുനമ്പം

മുനമ്പം വിഷയത്തിൽ കോൺഗ്രസ് ജനങ്ങളെ കബളിപ്പിക്കുകയാണെന്ന് ബിജെപി സംസ്ഥാന പ്രസിഡൻ്റ് കെ.സുരേന്ദ്രൻ. പ്രതിപക്ഷ നേതാവും കോൺഗ്രസ് എംഎൽഎമാരും മുനമ്പത്തെത്തി മത്സ്യത്തൊഴിലാളികൾക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ചത് അപഹാസ്യമാണെന്നും അദ്ദേഹം ആരോപിച്ചു. വഖഫ് ഭേദഗതി നിയമത്തിനെതിരെ സംസ്ഥാന നിയമസഭ പാസാക്കിയ പ്രമേയം പിൻവലിക്കാൻ ആവശ്യപ്പെടുകയാണ് മുനമ്പം ജനതയോട് കാണിക്കേണ്ട മര്യാദയെന്നും ശ്രീ കെ.സുരേന്ദ്രൻ പറഞ്ഞു.

&&&&&&&&&&&&&&&&

## വി.രാമചന്ദ്രൻ അനുസ്മരണം

സംസ്ഥാനത്തിന്റെ മുൻ ചീഫ് സെക്രട്ടറിയും സിഎംഡി മുൻ ചെയർമാനുമായിരുന്നു വി.രാമചന്ദ്രൻറെ ആറാമത് അനുസ്മരണ പ്രഭാഷണ പരിപാടി നാളെ തിരുവനന്തപുരത്ത് നടക്കും. സെൻറർ ഫോർ മാനേജ് മെൻറ് ഡെവലപ്മെൻറ് സംഘടിപ്പിക്കുന്ന പരിപാടിയിൽ, പാലിയം ഇന്ത്യ സ്ഥാപക ചെയർമാൻ ഡോ. എം.ആർ രാജഗോപാലാണ് പ്രഭാഷണം നടത്തുന്നത്.

&&&&&&&&&&&&&&&&

## ഹെഡ് ലൈൻ - 1

### മഴ- കേരളം

സംസ്ഥാനത്ത് ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. കണ്ണൂർ കാസർഗോഡ് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. മലപ്പുറം, കോഴിക്കോട്, വയനാട്, പാലക്കാട്,തൃശൂർ, എറണാകുളം,ഇടുക്കി ജില്ലകളിലും ലക്ഷദ്വീപിലും മഞ്ഞ ജാഗ്രതയാണ്. കേരള- ലക്ഷദ്വീപ് കർണാടക തീരങ്ങളിൽ ഇന്ന് മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

&&&&&&&&&&&&&&&&

### സയിദ് മുഷ്ത്താഖ് അലി ക്രിക്കറ്റ്

സയിദ് മുഷ്ത്താഖ് അലി ട്രോഫി ക്രിക്കറ്റ് ടൂർണമെന്റിൽ ആന്ധ്രപ്രദേശിനെതിരെ കേരളം 6 വിക്കറ്റിന് പരാജയപ്പെട്ടു. ഹൈദരാബാദിൽ നടന്ന മത്സരത്തിൽ ടോസ് നഷ്ടപ്പെട്ട് ആദ്യം ബാറ്റിംഗിനിറങ്ങിയ കേരളം 18.1 ഓവറിൽ 87

റൺസിന് പുറത്തായി. മറുപടി ബാറ്റിംഗിനിറങ്ങിയ ആന്ധ്രാപ്രദേശ് 13 ഓവറിൽ 4 വിക്കറ്റ് നഷ്ടത്തിൽ വിജയലക്ഷ്യം മറികടക്കുകയായിരുന്നു. പോയിന്റ് പട്ടികയിൽ ആന്ധ്ര ഒന്നാമതും കേരളം രണ്ടാമതുമാണ്.

&&&&&&&&&&&&&&&&

&&&&&&&&&&&&&&

&&&&&&&&&&&

PNUTVPM